# Kerala Catholic Bishops' Council (KCBC)

Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815
E-mail : deputysecretarykcbc@gmail.com, www.kcbcsite.com


All Kerala Press Release
*Ref: 931/KCBC/K-6/KPR/DS* 09.08.2024

## 2025 കേരള സഭ ഹരിതശീല വർഷമായി ആചരിക്കും: കെസിബിസി

കൊച്ചി: 2025 ൽ 'ലൗദാത്തോ സി' യുടെ പത്താം വാർഷികാഘോഷത്തിന്റെയും ആഗോളസഭയുടെ മഹാ ജൂബിലിയോടനുബന്ധിച്ചുള്ള കേരള സഭാനവീകരണത്തിന്റെയും ഭാഗമായി, കേരളസഭ ഒന്നാകെ സംസ്ഥാന തലത്തിലും രൂപത, ഇടവക തലങ്ങളിലും സഭാസ്ഥാപനങ്ങളിലും കുടുംബങ്ങളിലും ഹരിതശീല പ്രയത്നങ്ങൾ ശക്തിപ്പെടുത്തണമെന്ന് കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ 2024 ഓഗസ്റ്റ് മാസത്തിൽ കൂടിയ യോഗം ആഹ്വാനം ചെയ്തു. 2025 കേരള സഭ ഹരിതശീല വർഷമായി ആചരിക്കും. താഴെ പറയുന്നവയാണ് സഭ ഹരിതശീല വർഷാചരണത്തിലൂടെ ലക്ഷ്യമിടുന്നത്:

1. 2025 ജനുവരി മുതൽ 2026 ഡിസംബർ വരെയുള്ള രണ്ട് വർഷത്തിനുള്ളിൽ കേരളത്തിലെ മുഴുവൻ രൂപതകളെയും ഇടവകകളെയും സ്ഥാപനങ്ങളെയും ഹരിത ചട്ടങ്ങൾ പാലിക്കുന്ന കാർബൺ ന്യൂട്രൽ സംവിധാനങ്ങളായി രൂപാന്തരപ്പെടുത്തുക.
2. ഇടവകകളും സ്ഥാപനങ്ങളും ഗ്രീൻ ഓഡിറ്റ് നടത്തുകയും, ഹരിതചട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുക.
3. എല്ലാ കത്തോലിക്കാ സ്ഥാപനങ്ങളും ഇടവകകളും ആഗോള സഭയുടെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന സംവിധാനമായ 'ലൗദാത്തോ സി ആക്ഷൻ പ്ലാറ്റ്ഫോമിൽ' (LSAP) അംഗമാകുകയും തുടർപ്രവർത്തനങ്ങളുടെ ഭാഗമാകുകയും ചെയ്യുക.

2024 ഓഗസ്റ്റ് മുതൽ ഡിസംബർവരെ റീജിയണൽ, രൂപതാ തലങ്ങളിൽ ഇടവകകളും സ്ഥാപനങ്ങളും കാർബൺ ന്യൂട്രൽ പദവിയിലേക്ക് മാറുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികളും പരിശീലനങ്ങളും സംഘടിപ്പിക്കപ്പെടും. 2025 ജനുവരി മുതൽ 2026 ഡിസംബർ വരെയുള്ള കാലയളവിൽ പദ്ധതി പൂർണ്ണമായും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

ആഗോള താപനവും കാലാവസ്ഥാ വ്യതിയാനവും ഐക്യരാഷ്ട്ര സംഘടന (UNFCC) യുടെ നേതൃത്വത്തിൽ ലോകരാഷ്ട്രങ്ങൾ പഠനവിഷയമാക്കുകയും തത്ഫലമായി ഓരോ ജനസമൂഹവും പിന്തുടരേണ്ട പരിസ്ഥിതി സംരക്ഷണ ശീലങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ 2023 ൽ ദുബായ് യിൽ വച്ച് നടന്ന COP 28 ഉച്ചകോടിയിലും കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനുതകുന്ന 'ശുദ്ധ ഊർജ്ജ'ത്തിലേക്ക് മാറുവാൻ ലോകരാഷ്ട്രങ്ങളെ ആഹ്വാനം ചെയ്തിരുന്നു. ഫ്രാൻസിസ് മാർപാപ്പയും കാർബൺ എമിഷൻ പരമാവധി കുറയ്ക്കുന്നതിനുതകുന്ന ജീവിതരീതി പിൻതുടരുവാൻ സഭാ മക്കളെ ആഹ്വാനം ചെയ്യുന്നുണ്ട്. നമ്മുടെ പൊതുഭവനമായ ഭൂമിയെ പരിരക്ഷിക്കുകയെന്ന ആഹ്വാനത്തോടെ 2015 ൽ 'ലൗതാത്തോ സി' എന്ന ചാക്രികലേഖനത്തിലൂടെ ലോകരാജ്യങ്ങളോടും സഭയോടും സംവദിച്ച ഫ്രാൻസിസ് മാർപാപ്പ, കാലാവസ്ഥാ വ്യതിയാനത്തിലൂടെ അതീവ പാരിസ്ഥിതിക വെല്ലുവിളികൾ നേരിടുന്ന ഭൂമിക്ക് കൂടുതൽ സംരക്ഷണമാർഗ്ഗങ്ങൾ ഏർപ്പെടുത്തണമെന്ന ആഹ്വാനത്തോടെയാണ് 2023 ൽ 'ലൗദാത്തെ ദേയും' എന്ന അപ്പോസ്തോലിക പ്രബോധനം ഒരേ വിഷയത്തിൽ തന്നെ വീണ്ടും നൽകിയിട്ടുള്ളത്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭവിഷ്യത്തുകൾ ആരോഗ്യപരിപാലനം, ജീവനോപാധികൾ, വരുമാന മാർഗ്ഗങ്ങൾ, കാർഷിക പ്രവർത്തനങ്ങൾ, ജലവിഭവം തുടങ്ങിയ മേഖലകളെയെല്ലാം അതീവ ഗൗരവമായി ബാധിക്കുംമെന്നും; ഇത് നിർബന്ധിത പലായനത്തിനു പോലും കാരണമാകുമെന്നും മുന്നറിയിപ്പ് നല്കപ്പെട്ടിട്ടുമുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ദുരന്തഫലം നമ്മുടെ നാട്ടിൽ പോലും പ്രകടമായികൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിലാണ് കേരള മെത്രാൻ സമിതി കാർബൺ ന്യൂട്രൽ ആകാനുള്ള ആഹ്വാനം നല്കിയിട്ടുള്ളത്.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ/ഔദ്യോഗിക വക്താവ്,
ഡയറക്ടർ, പിഒസി.


PRESIDENT
His Beatitude
CARDINAL MAR BASELIOS CLEEMIS CATHOLICOS
Major Archbishop of Syro Malankara Church
Major Archbishop's House,
Pattom, Trivandrum 695 004.
Ph: +91 471 2541642, 2542643, 2540446
Email: baselioscleemis@gmail.com

VICE-PRESIDENT
His Excellency
MAR PAULY KANNOOKADAN
Bishop of Irinjalakuda
Bishop's House
Irinjalakuda 680 121
Ph: 0480 – 2826830, 2826820
Email: paulykannookadan@gmail.com

SECRETARY GENERAL
His Excellency
RT. REV. DR. ALEX VADAKUMTHALA
Bishop of Kannur, Bishop's House
Chowva P.O., Kannur 670 006
Ph: +91497 2729922, 2729988
Email: fralexv@gmail.com

DEPUTY SECRETARY GENERAL
FR. JACOB G. PALACKAPPILLY
POC, PB No. 2251
Palarivattom, Kochi-685 025
Ph: 0484-2805815,
2805722
Email: jacobgpala@gmail.com